# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
# തിരുവനന്തപുരം

**(ഹാജർ: ശ്രീ. റെനി ആന്റണി, മെമ്പർ)**

തീയതി: 27.04.2022

## സി.ആർ.എം.പി. നമ്പർ: 1553/02/LA1/2022/KeSCPCR & : 8362/02/LA1/2019/KeSCPCR

| | | |
|---|---|---|
| ഹർജികക്ഷികൾ | :1) | കെ. വിജയകുമാർ<br>എള്ളുക്കാട്ട് ഇന്ദീവരം<br>ആരംപുന്ന<br>ഇളമ്പൽ പി.ഒ.<br>കൊല്ലം–691 322 |
| | 2) | എ. സതീശൻ<br>സതീശ് ഭവൻ<br>മുള്ളുവിള<br>വടക്കേവിള പി.ഒ.<br>കൊല്ലം |
| എതിർകക്ഷികൾ | :1) | ചീഫ് സെക്രട്ടറി<br>കേരള സംസ്ഥാന സർക്കാർ<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്<br>തിരുവനന്തപുരം – 1 |
| | 2) | സംസ്ഥാന പോലീസ് മേധാവി<br>പോലീസ് ഹെഡ് ക്വാർട്ടേഴ്സ്<br>വഴുതക്കാട്, തിരുവനന്തപുരം – 695 010 |
| | 3) | ചെയർമാൻ<br>കേരള സംസ്ഥാന മലിനീകരണ<br>നിയന്ത്രണ ബോർഡ്<br>ജില്ലാ ഓഫീസ്, പ്ലാമൂട് ജംഗ്ഷൻ<br>പട്ടം, തിരുവനന്തപുരം – 695 004 |

4) ജില്ലാ കളക്ടർ
കളക്ട്രേറ്റ്, കൊല്ലം
സിവിൽ സ്റ്റേഷൻ റോഡ്
കൊല്ലം–691 013

5) എൻവയോൺമെന്റൽ എഞ്ചിനീയർ
കേരള സംസ്ഥാന മലിനീകരണ ബോർഡ്
ഉഷസ് ബിൽഡിംഗ്, ബിഗ് ബസാർ
കൊല്ലം – 691 001

6) സെക്രട്ടറി
പുനലൂർ നഗരസഭ
പുനലൂർ, കൊല്ലം–691 305

**ഉത്തരവ്**

1. പുനലൂർ മുനിസിപ്പാലിറ്റിയിൽ ആരംപുന്ന വാർഡിൽ സ്ഥിതി ചെയ്യുന്ന ആരംപുന്ന ആയിരവല്ലി ശ്രീ അയ്യപ്പക്ഷേത്രത്തിൽ ഉച്ചഭാഷിണി അമിതമായ ഉച്ചത്തിൽ ഉപയോഗിക്കുന്നതുമൂലം ക്ഷേത്ര പരിസരത്തുള്ള വിദ്യാർത്ഥികൾക്ക് പഠിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും 3 വലിയ ഹോണുകളും 5 ശക്തികൂടിയ ബോക്സുകളും ഉപയോഗിച്ച് ശരാശരി 90 ഡെസിബല്ലിൽ കൂടുതൽ ശബ്ദം ഉണ്ടാക്കുന്നതുകൊണ്ട് ക്ഷേത്ര പരിസരത്തുള്ള കുട്ടികൾക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നുവെന്നും പലതവണ ആവശ്യപ്പെട്ടിട്ടും ക്ഷേത്ര ഭരണ സമിതി നിർദ്ദേശിച്ചിട്ടും ക്ഷേത്ര സെക്രട്ടറി ശബ്ദ തീവ്രത കുറയ്ക്കാൻ തയ്യാറാവുന്നില്ലെന്നും ആയതിനാൽ കുട്ടികളുടെ പഠനത്തേയും ആരോഗ്യത്തേയും പ്രതികൂലമായി ബാധിക്കുന്ന ശബ്ദശല്യം കുറയ്ക്കണമെന്നും മറ്റുമാണ് ഒന്നാം ഹർജിയുടെ ഉള്ളടക്കം. സമാനമായ വിഷയമാണ് രണ്ടാം ഹർജിയിലുമുള്ളത്.

2. ഹർജി ഫയലിൽ സ്വീകരിച്ച കമ്മീഷൻ 4 മുതൽ 6 വരെയുള്ള എതിർകക്ഷികൾക്ക് നോട്ടീസയയ്ക്കുകയുണ്ടായി.

3. നാലാം എതിർകക്ഷിയായ കൊല്ലം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജി കക്ഷി മുമ്പ് ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച പരാതിയുടെ

അടിസ്ഥാനത്തിൽ പുനലൂർ പോലീസ് നിർദ്ദേശിച്ചതിൻ പ്രകാരം കോളാമ്പി മൈക്കിന്റെ പ്രവർത്തനം നിർത്തി വച്ചിട്ടുണ്ടെന്നും പ്രഭാത പൂജയ്ക്കും വൈകുന്നേരം ദീപാരാധന സമയത്തും മാത്രമേ ബോക്സ് പ്രവർത്തിപ്പിക്കുന്നുള്ളുവെന്നും നിലവിൽ ഉപയോഗിക്കാതെ മരത്തിന് മുകളിൽ സൂക്ഷിച്ചിരിക്കുന്ന ഉച്ചഭാഷിണി അഴിച്ചു മാറ്റുന്നതിനും ബോക്സ് ടൈപ്പ് ഉച്ചഭാഷിണിയിൽ നിന്നുള്ള ശബ്ദം ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരമുള്ള അളവിൽ മാത്രമേ ഉപയോഗിക്കാവൂ എന്നും പരാതികക്ഷിയ്ക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നതരത്തിൽ ഉച്ചഭാഷിണി ഉപയോഗിക്കരുതെന്നും ക്ഷേത്ര ഭരണ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇത് പാലിച്ചില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കുമെന്ന് താക്കീത് നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ ഉച്ചഭാഷിണികൾ മൂലമുള്ള ശബ്ദമലിനീകരണം തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ടി സാഹചര്യത്തിൽ പരാതിയിൽ പറയുന്ന ആരംപുന്ന ആയിരവല്ലി ശ്രീ അയ്യപ്പക്ഷേത്രത്തിലെ ഉച്ചഭാഷിണിയിൽ നിന്നും തുടർന്നും ശബ്ദമലിനീകരണം ഉണ്ടായാൽ 2000–ത്തിലെ ശബ്ദമലിനീകരണം (ക്രമീകരണവും, നിയന്ത്രണവും) ചട്ടങ്ങൾ പ്രകാരമുള്ള കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും റിപ്പോർട്ടിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

4. അഞ്ചാം എതിർകക്ഷിയായ പൊല്യൂഷൻ കൺട്രോൾ ബോർഡിന് വേണ്ടി എൻവയോൺമെന്റൽ എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ സർക്കാർ ഉത്തരവ് നമ്പർ G.O.(P) No.111/2002 29.07.2002 തീയതി പ്രകാരം ശബ്ദ മലിനീകരണവുമായി ബന്ധപ്പെട്ട വിഷയം ജില്ലാ മജിസ്ട്രേറ്റ്, കമ്മീഷണർ ഓഫ് പോലീസ്, സൂപ്രണ്ട് ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നിവരുടെ അധികാര പരിധിയിൽ വരുന്നതാണെന്നും മേൽ അധികാരികളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ശബ്ദ മലിനീകരണത്തിന്റെ തോത് കണക്കാക്കി നൽകുന്ന സാങ്കേതിക ഇടപെടലാണ് ബോർഡിനുള്ളതെന്നും സൂചിപ്പിച്ചിട്ടുണ്ട്.

5. ആറാം എതിർകക്ഷിയായ പുനലൂർ നഗരസഭാ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ നഗരസഭ നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 3 ബോക്സുകളും 2 കോളാമ്പികളും നീക്കം ചെയ്തിട്ടുണ്ടെന്നും നിലവിൽ 2 ബോക്സുകൾ മാത്രമേ ക്ഷേത്രത്തിൽ പ്രവർത്തിക്കുന്നുള്ളുവെന്നും ഇവ

ശബ്ദ തീവ്രത നിയന്ത്രിച്ചാണ് പ്രവർത്തിക്കുന്നതെന്നും മാത്രവുമല്ല ശബ്ദമലിനീകരണ തോത് നോക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് സംവിധാനം ഇല്ലാത്തതാണെന്നും ആയത് പരിശോധിക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡിന് നിർദ്ദേശം നൽകാവുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

6. സംസ്ഥാനത്തെ വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളിൽ ചിലയിടങ്ങളിൽ ഇപ്പോഴും വലിയ ശബ്ദ തീവ്രതയിൽ പ്രവർത്തിക്കുന്ന ഉച്ചഭാഷിണികൾ ഉപയോഗിക്കുന്നുണ്ട് എന്നത് മുമ്പും പരാതികളിലൂടെയും റിപ്പോർട്ടുകളിലൂടെയും കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിഷയമാണ്. ഭരണഘടനാപരമായ ആരാധനാ സ്വാതന്ത്ര്യം ഉപയോഗിക്കുമ്പോഴും നിയമപരമായ ഉത്തരവാദിത്വങ്ങളും സാമൂഹികമായ പ്രതിബദ്ധതയും ആരാധനാലയങ്ങൾ പുലർത്തേണ്ടത് ഒരു ജനാധിപത്യ സമൂഹത്തിൽ അനിവാര്യമാണ്. സമീപവാസികൾക്ക് പ്രത്യേകിച്ച്, കുട്ടികൾക്ക് അവരുടെ പഠന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത തരത്തിൽ ശബ്ദ നിയന്ത്രണം വരുത്തി നിയമം അനുശാസിക്കുന്ന തരത്തിലുള്ള ഉച്ചഭാഷിണികൾ മാത്രമേ ഉപയോഗിക്കു എന്നത് എല്ലാ ആരാധനാലയങ്ങളുടെയും പ്രവർത്തന നയമായി മാറേണ്ടതാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.

7. അമിതമായ ശബ്ദം ജനങ്ങളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കും എന്നത് ഇനിയും ഒരു പൊതുധാരണയായി വളർന്നു വന്നിട്ടില്ല. ശബ്ദ മലിനീകരണം കേൾവി സംബന്ധമായി മാത്രമല്ല, മറ്റു ഒട്ടേറെ ശാരീരിക പ്രശ്നങ്ങൾക്കും കാരണമാകുന്നു എന്ന് പഠന റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. അമിതവും സ്ഥിരമായിട്ടുള്ളതുമായ ശബ്ദം ഗർഭസ്ഥ ശിശു മുതൽ വയോധികർക്കു വരെ ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. നാഡീഞരമ്പുകൾ, ഹൃദയം തുടങ്ങിയ മനുഷ്യാവയവങ്ങൾക്ക് ക്ഷതമേൽക്കുന്നതിനും മാനസിക പിരിമുറുക്കത്തിനും കേൾവിശേഷി നഷ്ടപ്പെടുന്നതിനും ശബ്ദ മലിനീകരണം കാരണമാകുന്നുണ്ട്. ജനിതക വൈകല്യങ്ങൾക്ക് വരെ ശബ്ദമലിനീകരണം കാരണമാവുന്നുണ്ടെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഗർഭസ്ഥ ശിശുവിന്റെ ശ്രവണേന്ദ്രിയങ്ങൾ നാലു മുതൽ ആറ് ആഴ്ചയിൽ വളർച്ച തുടങ്ങുകയും 20 ആഴ്ചയിൽ പൂർത്തിയാവുകയും ചെയ്യുന്നു. അതിനാൽ ഗർഭസ്ഥ ശിശുവിന് ശ്രവണശക്തിയും ശബ്ദത്തോട് പ്രതികരിക്കാനുള്ള ശേഷിയും സ്വായത്തമാണ്. അതിനാൽ തന്നെ 80dB യിൽ കൂടുതൽ

ശക്തിയുള്ള ശബ്ദങ്ങൾ ഗർഭസ്ഥ ശിശുവിന്റെ ശ്രവണശേഷി കുറയുന്നതിനും എന്നന്നേക്കുമായി ഇല്ലാതാകുന്നതിനും കാരണമാകുന്നു. വളർച്ചക്കുറവ്, പൂർണ്ണ വളർച്ചയില്ലാതെയുള്ള പ്രസവം വളർന്നു വരുമ്പോൾ കുട്ടികൾക്ക് ഓർമ്മക്കുറവുണ്ടാവുക, പെരുമാറ്റ വൈകല്യങ്ങൾ തുടങ്ങി കുട്ടികളുടെ ശാരീരികവും മാനസികവുമായ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്കും ഇത് കാരണമാവുന്നു.

8. ശബ്ദമലിനീകരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ഉത്തരവുകളും നമ്മുടെ രാജ്യത്ത് നിലവിലുണ്ടെങ്കിലും അതൊന്നും വേണ്ടവിധത്തിൽ നടപ്പിലാക്കുന്നി ല്ലെന്നതാണ് യാഥാർത്ഥ്യം.

1986–ലെ പരിസ്ഥിതി സംരക്ഷണ നിയമം (Environment Protection Act, 1986) 2000–ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണവും) ചട്ട ങ്ങൾ, ബഹു. സുപ്രീം കോടതിയുടെ 30.08.2000–ലെ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) Vs കെ.കെ.ആർ. മജസ്റ്റിക് കോളനി വെൽഫെയർ അസോ സിയേഷൻ കേസിലെ വിധിന്യായവും ബഹു. കേരള ഹൈക്കോടതിയുടെ 21.01.2013 –ലെ CWP(C)No.211/2012 –ാം നമ്പർ ഉത്തരവും കമ്മീഷൻ വിശദ മായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

9. 2000–ലെ ശബ്ദമലിനീകരണ (ക്രമീകരണവും, നിയന്ത്രണവും) നിയമത്തിലെ 5–ാം ചട്ടം ചുവടെ ചേർക്കുന്നു.

**5. Restrictions on the use of loud speakers/public address system [and Sound producing instruments]:-**

(1) A loud speaker or a public address system shall not be used except after obtaining written permission from the authority.

[(2) A loud speaker or a public address system or any sound producing instrument or a musical instrument or a sound amplifier shall not be used at night time except in closed premises for communication within, like auditoria, conference rooms, community halls, banquet halls or during a public emergency.]

[(3) Notwithstanding anything contained in sub-rule (2), the State Government may, subject to such terms and conditions as are necessary to reduce noise pollution, permit use of loud speakers or [public address systems and the like during night hours] (between 10.00 P.M. to 12.00 midnight) on or during any cultural or religious festive occasion of a limited duration not exceeding fifteen days in all during a calendar year.] [The concerned State Government shall generally specify in advance the number and particulars of the days on which such exemption would be operative]

[(4) The noise level at the boundary of the public place, where loudspeaker or public address system or any other noise source is being used shall not exceed 10dB (A) above the ambient noise standards for the area or 75 dB (A) whichever is lower;

(5) The peripheral noise level of privately owned sound system or a sound producing instrument shall not, at the boundary of the private place, exceed by more than 5dB(A) the ambient noise standards specified for the area in which it is used]

**[5A. Restrictions on the use of horns, sound emitting construction equipments and bursting of fire crackers:-**

(1) No horn shall be used in silence zones or during night time in residential areas except during a public emergency.

10. കേന്ദ്ര നിയമത്തെ തുടർന്ന് നിരവധി ഉത്തരവുകൾ വിവിധ ഹൈക്കോടതികളിൽ നിന്നും സുപ്രീം കോടതിയിൽ നിന്നും ശബ്ദ മലിനീകരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. ഒരു പരിധിവരെ ഈ നിയമങ്ങളും ഉത്തരവുകളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ആരാധനാലയങ്ങളുടെ കാര്യം വരുമ്പോൾ നിയമം നടപ്പിലാക്കേണ്ടവർ മൗനം പാലിക്കുന്നതായി ഈ കമ്മീഷൻ സംശയിക്കുന്നു. വ്യത്യസ്ത മതങ്ങൾ നിയന്ത്രിക്കുന്ന ആരാധനാലയങ്ങൾ ശബ്ദ മലിനീകരണം നിയന്ത്രിക്കുന്നതിൽ ബോധപൂർവമോ, അബോധപൂർവമോ പരാജയപ്പെടുന്നതായി കണ്ടുവരുന്നു. ഇത് ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഒരു വിഭാഗമാണ് കുട്ടികൾ എന്നുള്ളതിനാൽ ഈ ഹർജിയെ വളരെ ഗൗരവത്തോടെയാണ് കമ്മീഷൻ നോക്കിക്കാണുന്നത്.

11. പരാതികളിൽ ഉന്നയിച്ചിരിക്കുന്നത് രണ്ട് ക്ഷേത്രങ്ങളിലെ ശബ്ദമലിനീകരണ മുണ്ടാക്കുന്ന പ്രശ്നങ്ങൾ മാത്രമാണ്. എന്നാൽ ഈ വിഷയത്തിന്റെ സാമൂഹിക പ്രസക്തിയും പ്രാധാന്യവും തിരിച്ചറിഞ്ഞ് സംസ്ഥാനത്തെ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ തുടങ്ങി എല്ലാ ആരാധനാലയങ്ങളിലെയും മതപരമായ മറ്റ് ചടങ്ങുകളിലേയും ശബ്ദമലിനീകരണം ഈ ഹർജിയുടെ പരിധിയിൽ ഉൾപ്പെടുത്താൻ കമ്മീഷൻ തീരുമാനിക്കുന്നു. മതപരമായ ചടങ്ങുകളും പ്രാർത്ഥന യോഗങ്ങളും മറ്റും ഭരണഘടനാനുസൃതമായി നടത്തുമ്പോഴും മറ്റു ള്ളവരുടെ സ്വകാര്യതയ്ക്കും സ്വാതന്ത്ര്യത്തിനും സൈര്യജീവിതത്തിനും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ സന്ദർഭ ത്തിൽ ബഹു. സുപ്രീം കോടതിയുടെ ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) V/s കെ.കെ.ആർ. മജസ്റ്റിക് കോളനി വെൽഫയർ അസോസിയേഷൻ എന്ന കേസിലെ 30.08.2000 –ൽ പുറപ്പെടുവിച്ച വിധിന്യായത്തിലെ പ്രസക്തമായ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചു ചേർക്കുന്നു.

> "Undoubtedly, one can practice, profess and propagate religion, as guaranteed under Article 25(1) of the Constitution but that is not an absolute right. The Provision of Article 25 is subject to the provisions of Article 19(1)(a) of the Constitution. On true and proper construction of the provision of Article 25(1), read with Article 19(1)(a) of the Constitution, it cannot be said that a citizen should be coerced to hear any thing which he does not like or which he does not require".

12. സംസ്ഥാനത്തെ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ തുടങ്ങി വിവിധ മതവിഭാഗങ്ങ ളുടെ ആരാധനാലയങ്ങളിൽ ലൗഡ് സ്പീക്കർ, ആംപ്ലിഫയർ തുടങ്ങിയ ഉപക രണങ്ങളുടെ സഹായത്തോടെ വലിയ ശബ്ദത്തിൽ മണിക്കൂറുകളോളം പ്രാർത്ഥനാ പരിപാടികളും മറ്റും നടത്തുന്നത് പതിവാണ്. ഉത്സവകാലങ്ങ ളിലും പെരുന്നാളുകളിലും ആരാധനാലയങ്ങൾ, മുകളിൽ ചേർത്ത നിയമ ങ്ങളും കോടതി വിധികളും കാറ്റിൽ പറത്തുന്നതുമൂലം ജനങ്ങൾക്ക് പൊതു വായും, രോഗികൾ, വൃദ്ധജനങ്ങൾ, കുട്ടികൾ മുതലായവർക്ക് പ്രത്യേകിച്ചും നിരന്തരമായ ശല്യമുണ്ടാകുന്നതായും അവരുടെ ദൈനംദിന സൈര്യ ജീവിത ത്തിന് ബുദ്ധിമുട്ടുണ്ടാകുന്നതായും നിസ്തർക്കം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പരീക്ഷാ സമയങ്ങളിൽ ആരാധനാലയങ്ങളിലെ ഇത്തരം അതിതീവ്ര ശബ്ദം മൂലം കുട്ടി

കൾക്ക് പഠിക്കുന്നതിനും പഠന പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും കഴിയുന്നില്ലെന്ന് മാത്രമല്ല തന്മൂലം കുട്ടികൾ ഒട്ടേറെ ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നതായും കമ്മീഷൻ മനസ്സിലാക്കുന്നു.

13. ആയതിനാൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 2000-ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണവും) ചട്ട പ്രകാരവും, 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ 15-ാം വകുപ്പ് പ്രകാരവും താഴെ പറയുന്ന ശുപാർശകൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

***എ) സംസ്ഥാനത്തെ ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ തുടങ്ങി വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളിലും പ്രാർത്ഥനാ യോഗങ്ങളിലും ഉത്സവ പറമ്പുകളിലും മറ്റ് മതപരമായ ചടങ്ങുകളിലും ഉച്ചഭാഷിണികൾ/മൈക്രോഫോണുകൾ/മറ്റ് വാദ്യോപകരണങ്ങൾ തുടങ്ങിയവ ഉപയോഗിക്കുന്നത് 2000-ലെ ശബ്ദമലിനീകരണം (ക്രമീകരണവും നിയന്ത്രണവും) നിയമത്തിലെ വ്യവസ്ഥകളനുസരിച്ചാണെന്ന് നിരീക്ഷിച്ച് ഉറപ്പു വരുത്തുന്നതിനാവശ്യമായ ഉത്തരവുകൾ ഒന്നാം എതിർകക്ഷി പുറപ്പെടുവിക്കേണ്ടതാണ്.***

***ബി) സംസ്ഥാനത്തെ വിവിധ മത വിഭാഗങ്ങളുടെ ആരാധനാലയങ്ങളിലെ ശബ്ദമലിനീകരണത്തെ കുറിച്ച് കുട്ടികൾ പരാതിപ്പെടുന്നുവെങ്കിൽ 2 മണിക്കൂറിനുള്ളിൽ പരിഹാരം കാണുന്നതിനാവശ്യമായ ഉത്തരവുകൾ ഒന്നും, രണ്ടും, മൂന്നും എതിർകക്ഷികൾ പുറപ്പെടുവിക്കേണ്ടതാണ്.***

***സി) കുട്ടികളുടേയും ജനങ്ങളുടേയും പരാതികളുടെ അടിസ്ഥാനത്തിൽ ചുമതലപ്പെട്ട പോലീസ് ഓഫീസർമാർ ആവശ്യപ്പെടുന്നതനുസരിച്ച് ശബ്ദതീവ്രത പരിശോധിച്ച് നിശ്ചിത സമയത്തിനുള്ളിൽ റിപ്പോർട്ട് നൽകുന്നതിനാവശ്യമായ തീരുമാനം മൂന്നാം എതിർകക്ഷി കൈക്കൊള്ളേണ്ടതാണ്.***

***ഡി) കൊല്ലം ജില്ലയിലെ പുനലൂർ ആരംപുന്ന ആയിരവല്ലി ക്ഷേത്രത്തിലെ ഉച്ചഭാഷിണിയുടെ ശബ്ദ തീവ്രത പരിശോധിച്ച് വേണ്ട നടപടികൾ നാല്, അഞ്ച്, ആറ് എതിർകക്ഷികൾ സ്വീകരിക്കേണ്ടതാണ്.***

കമ്മീഷന്റെ ശുപാർശകളിന്മേൽ എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ, ചട്ടം 45 പ്രകാരം ഈ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം കമ്മീഷന് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
**റെനി** ആന്റണി
(മെമ്പർ)

ഉത്തരവിൻ പ്രകാരം

പി. വി. ഗീത
രജിസ്ട്രാർ

K/26/04/22